**മേലെഴുത്ത് നം.DHS/15708/2026-EB1,തീയതി.08-10-2026**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും, അനന്തര നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

ആരോഗ്യവകുപ്പ് ഡയറക്ടർക്കുവേണ്ടി

പകർപ്പ്:ജില്ലാ മെഡിക്കൽ ഓഫീസർ(ആരോഗ്യം) എറണാകുളം

Digitally signed by
Sujatha R
Date: 08-10-2026
12:16:19

"ഭരണഭാഷ- മാതൃഭാഷ"

**കേരളം സർക്കാർ**

**സംഗ്രഹം**

ആരോഗ്യകുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം - ഡോ.സിജോ കുഞ്ഞച്ചൻ, ജൂനിയർ കൺസൾട്ടന്റ് (ജനറൽ മെഡിസിൻ) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM) No.873/2026 മേലുള്ള 07.07.2026 ലെ ഉത്തരവ് - അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3357/2026/H&FWD തീയതി,തിരുവനന്തപുരം, 07-10-2026

---

പരാമർശം:-

1. ഡോ സിജോ കുഞ്ഞച്ചൻ സമർപ്പിച്ച 02.07.2026 തീയതിയായ അപേക്ഷ (Annexure A5 in OA (EKM) 873/2026).
2. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 873/2026 മേലുള്ള 07-07-2026 തീയതിയിലെ അന്തിമ ഉത്തരവ്.
3. ആരോഗ്യവകുപ്പ് ഡയറക്ടറുടെ 24.07.2026 ലെ DHS/15708/2026-EB1 നമ്പർ കത്ത്.

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ ജനറൽ മെഡിസിൻ വിഭാഗം ജൂനിയർ കൺസൾട്ടന്റ് ഡോ.സിജോ കുഞ്ഞച്ചൻ നിലവിലെ സ്ഥാപനമായ നോർത്ത് പറവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മൂന്നു വർഷക്കാലയളവ് പൂർത്തിയാക്കിയിട്ടും, 2026 പൊതുസ്ഥലംമാറ്റത്തിൽ ഓപ്ഷൻ നൽകിയിരുന്നിട്ടും ടിയാന് സ്ഥലംമാറ്റം അനുവദിക്കാത്തതിനാൽ അനുകൂലമായ സ്ഥലംമാറ്റം അനുവദിച്ചുകിട്ടുന്നതിനായിട്ട് ബഹു.ട്രൈബ്യൂണൽ മുൻപാകെ OA (EKM) 873/2026 ഫയൽ ചെയ്തിരുന്നു. പ്രസ്തുത OA മേലുള്ള പരാമർശം (2) ഉത്തരവിൽ ഒന്നാം എതിർകക്ഷിയായ സർക്കാർ അപേക്ഷകൻ സമർപ്പിച്ച Annexure A5 അപ്പീൽ അപേക്ഷ പരിശോധിച്ച് ഉത്തരവ് കൈപ്പറ്റി ഒരു മാസത്തിനുള്ളിൽ അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്ന് ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചിരുന്നു.

2. 2026-ലെ പൊതുസ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിച്ചപ്പോൾ, പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രി ഒന്നാം ഓപ്ഷനായി നൽകിക്കൊണ്ട് ഏഴ് സ്റ്റേഷനുകൾ

തിരഞ്ഞെടുത്തിരുന്നതായും എന്നാൽ കരട് സ്ഥലംമാറ്റ പട്ടികയിൽ, പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിക്ക് പകരം തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലാണ് നിയമനം നിർദ്ദേശിച്ചിരുന്നതെന്നും സ്ഥലംമാറ്റ മാനദണ്ഡങ്ങൾ അനുസരിച്ച് പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിക്കപ്പെടാൻ മുൻഗണനയുണ്ടെന്നും കരട് പട്ടികയിൽ, നിലവിൽ കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ജോലി ചെയ്യുന്ന ഡോ.രൂപ റ്റി പി-യെ പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് മാറ്റാനാണ് നിർദ്ദേശിച്ചിരുന്നതെന്നും, എന്നാൽ പാലക്കാട് ജില്ല ഹോം സ്റ്റേഷൻ ആയതിനാൽ ടി ഉദ്യോഗസ്ഥയ്ക്ക് നിലവിലെ സ്റ്റേഷനിൽ നിന്ന് പെരുമ്പാവൂരിലേക്കോ തൃപ്പൂണിത്തുറയിലേക്കോ മാറ്റുന്നത് വലിയ വ്യത്യാസമൊന്നും ഉണ്ടാക്കുന്നില്ല എന്നും, ഡോ രൂപ ടി പി യെ തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമിക്കുന്നതിനും അപേക്ഷകന് പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ മുൻഗണന നൽകുന്നതിനും യാതൊരു തടസ്സവുമില്ല എന്നും കരട് സ്ഥലംമാറ്റ പട്ടികക്കെതിരെ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപ്പീൽ സമർപ്പിച്ചിരുന്നുവെങ്കിലും 01.07.2026-ലെ ഉത്തരവ് വഴി കരട് പട്ടികയിലെ നിർദ്ദേശം സ്ഥിരീകരിക്കുകയും അപേക്ഷകനെ തൃപ്പൂണിത്തുറ താലൂക്ക് ആസ്ഥാന ആശുപത്രിയിലും ഡോ. രൂപ റ്റി പി-യെ പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലും നിയമിക്കുകയും ചെയ്തതായും വൃദ്ധരായ മാതാപിതാക്കളും, ഭാര്യാമാതാവും ടിയാളുടെ സംരക്ഷണത്തിലാണെന്നും മേൽ സാഹചര്യത്തിൽ 01-07-2026 തീയതിയിലെ ഉത്തരവ് പുന.പരിശോധിച്ച് പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിയമനം നൽകണമെന്നും ഡോ സിജോ കുഞ്ഞച്ചൻ പരാമർശം (1) പ്രകാരം സമർപ്പിച്ച Annexure A5 അപ്പീൽ അപേക്ഷയിൽ പറഞ്ഞിരുന്നു.

3. ഡോ.സിജോ കുഞ്ഞച്ചൻ 14.06.2022 മുതൽ താലൂക്ക് ആസ്ഥാന ആശുപത്രി നോർത്ത് പറവൂരിൽ സേവനമനുഷ്ഠിച്ച് വരുന്നതായും 2026 ലെ പൊതു സ്ഥലമാറ്റത്തിൽ ടി മെഡിക്കൽ ഓഫീസർ താലൂക്കാസ്ഥാന ആശുപത്രി പെരുമ്പാവൂർ ഒന്നാമത്തെ ഓപ്ഷനായിട്ടും, താലൂക്കാസ്ഥാന ആശുപത്രി തൃപ്പൂണ്ണിത്തുറ രണ്ടാമത്തെ ഓപ്ഷനായിട്ടുമാണ് അപേക്ഷ സമർപ്പിച്ചിരുന്നതെന്നും 01.07.2026 -ലെ DHS/10129/2026-EB1 പ്രകാരമുള്ള സ്ഥലമാറ്റ ഉത്തരവിൽ ഡോ സിജോ കുഞ്ഞച്ചൻ-ന് രണ്ടാമത്തെ ഓപ്ഷനായ താലൂക്കാസ്ഥാന ആശുപത്രി തൃപ്പൂണ്ണിത്തുറയിലേയ്ക്ക് സ്ഥലം മാറ്റം അനുവദിച്ചിരുന്നതായും ഡോ സിജോ കുഞ്ഞച്ചന്റെ ഒന്നാം ഓപ്ഷനായ പെരുമ്പാവൂർ താലൂക്കാസ്ഥാന ആശുപത്രിയിലേക്ക് 30.12.2018 മുതൽ കാസർഗോഡ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിൽ ജോലി ചെയ്തു വരുന്ന ഡോ.രൂപാ റ്റി.പി-യ്ക്കാണ് സ്ഥലം മാറ്റ

നിയമനം നൽകിയതെന്നും ആയത് ഡോ ക്രുപ റ്റി പി യുടെ ഒന്നാമത്തെ ഓപ്ഷനായിരുന്നുവെന്നും പൊതു സ്ഥലമാറ്റ മാനദണ്ഡ പ്രകാരം out station ൽ ജോലി ചെയ്യുന്നവർക്കും, station seniority ഉള്ളവർക്കുമാണ് പ്രഥമ പരിഗണന നൽകേണ്ടത് എന്നതിനാലാണ് 8 വർഷമായി കാസർഗോഡ് ജില്ലയിൽ സേവനമനുഷ്ഠിച്ച് വരുന്ന ഡോ ക്രുപ റ്റി പി-യ്ക്ക് ഒന്നാം ഓപ്ഷനായ പെരുമ്പാവൂർ താലൂക്കാസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റം നൽകിയതെന്നും ഡോ.സിജോ കുഞ്ഞച്ചൻ 09.12.2017 മുതൽ 12.06.2022 വരെ പെരുമ്പാവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ തന്നെയാണ് ജോലി ചെയ്തിരുന്നതെന്നും ടിയാളുടെ സർവ്വീസ് കാലയളവിൽ ഭൂരിഭാഗവും എറണാകുളം ജില്ലയിൽ തന്നെയാണ് ജോലി ചെയ്തിട്ടുള്ളതെന്നും ഡോ സിജോ കുഞ്ഞച്ചന്റെ അപ്പീൽ പരിഗണനാർഹമല്ലെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പൊതു സ്ഥലമാറ്റ മാനദണ്ഡ പ്രകാരം out station ൽ ജോലി ചെയ്യുന്നവർക്കും, station seniority ഉള്ളവർക്കുമാണ് പ്രഥമ പരിഗണന നൽകേണ്ടത്. ആയതിനാൽ തന്നെ 8 വർഷമായി കാസർഗോഡ് ജില്ലയിൽ സേവനമനുഷ്ഠിച്ച് വരുന്ന ഡോ.ക്രുപാ റ്റി.പി-യ്ക്കാണ് ഒന്നാം ഓപ്ഷനായ പെരുമ്പാവൂർ താലൂക്കാസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലമാറ്റത്തിന് കൂടുതൽ യോഗ്യത എന്നുള്ളതിനാലാണ് ടി മെഡിക്കൽ ഓഫീസർക്ക് പ്രസ്തുത സ്ഥാപനത്തിലേക്ക് സ്ഥലംമാറ്റ നിയമനം നൽകിയിരുന്നത്. ഡോ.സിജോ കുഞ്ഞച്ചൻ 09.12.2017 മുതൽ 12.06.2022 വരെ പെരുമ്പാവൂർ താലൂക്കാസ്ഥാന ആശുപത്രിയിൽ തന്നെയാണ് സേവനമനുഷ്ഠിച്ചിരുന്നത്. കൂടാതെ ഡോ.സിജോ കുഞ്ഞച്ചൻ സർവ്വീസ് കാലയളവിൽ ഭൂരിഭാഗവും എറണാകുളം ജില്ലയിൽ തന്നെയാണ് സേവനമനുഷ്ഠിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ പെരുമ്പാവൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് സ്ഥലംമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ഡോ സിജോ കുഞ്ഞച്ചൻ സമർപ്പിച്ച പരാമർശം (1) പ്രകാരമുള്ള Annexure A5 അപേക്ഷ നിരസിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA(EKM) 873/2026 മേലുള്ള പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്ത് കൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിനുരാജ് എസ്
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം.

ആരോഗ്യവകുപ്പ് ഡയറക്ടർ ,തിരുവനന്തപുരം.

ഡോ.സിജോ.കുഞ്ഞച്ചൻ, ജൂനിയർ കൺസൾട്ടന്റ് , താലൂക്ക് ആസ്ഥാന ആശുപത്രി, നോർത്ത് പറവൂർ, എറണാകുളം- 683513

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്/എ&ജി),കേരളം,തിരുവനന്തപുരം

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Digitally signed by
ANUPAMA G NAIR
Date: 07-10-2026
15:07:13
സെക്ഷൻ ഓഫീസർ